ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേരളത്തിൽനിന്നും പ്രതിദിനം സംഭരിക്കുന്ന പതിനൊന്ന് ലക്ഷം ലിറ്റർ പാലിനു പുറമെ മിൽമ അന്യസംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ സഹകരണ ക്ഷീര ഫെഡറേഷനുകളിൽനിന്നും പ്രതിദിനം 1.5 ലക്ഷം ലിറ്റർ പാൽ കൂടി സംഭരിച്ച് വിൽക്കുകയാണ് ചെയ്യുന്നത്.

**കവർപാലിൽ ഫോർമാലിന്റെ സാന്നിദ്ധ്യം**

**61 (4096)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമ വിതരണം ചെയ്യുന്ന കവർപാലിൽ 'ഫോർമാലിൻ' ചേർക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക തീർക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മിൽമ വിതരണം ചെയ്യുന്ന കവർപാലിൽ രാസവസ്തുക്കൾ ചേർക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഇത്തരം ആശങ്കകൾക്ക് അടിസ്ഥാനമില്ല.

**ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത**

**62 (4097)** ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീരമേഖല സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷീരമേഖല സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് ഉദ്ദേശിച്ച് വകുപ്പ് വിവിധ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ക്ഷീരകർഷകരുടെ കന്നുകാലികളുടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ചികിത്സ എന്നിവ നടത്തുന്നതിന് മൃഗസംരക്ഷണവകുപ്പും പശുക്കളിൽ കൃത്രിമ ബീജദാനപരിപാടിക്ക് ആവശ്യമായ ബീജം ഉൽപ്പാദിപ്പിക്കുന്നതിന് കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും കന്നുകാലിത്തീറ്റയ്ക്കാവശ്യമായ ക്യാറ്റിൽ ഫീഡ് ഉൽപ്പാദിപ്പിക്കുന്നതിന് കേരളാ ഫീഡ്സും മിൽമയും ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാൽവിപണനം നടത്തുന്നതിന് സഹകരണ മേഖലയിൽ 3650 ക്ഷീരസംഘങ്ങളും കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക്മാർക്കറ്റിംഗ് ഫെഡറേഷനും മൂന്ന് റീജിയണൽ യൂണിയനുകളും പ്രവർത്തിക്കുന്നുണ്ട്. ക്ഷീര മേഖലയെ ശാക്തീകരിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ, ബാങ്കുകൾ മുഖേന വിവിധ പദ്ധതികൾ ക്രോഡീകരിച്ച് നടപ്പിലാക്കി വരുന്നു.

മിൽമയുടെ ഭരണസമിതി എക്കാലവും പാലിന് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലൂടെ പാലുൽപ്പാദന വർദ്ധനവ് കൈവരിക്കുവാൻ ക്ഷീരകർഷകരെ സഹായിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക., കൂടുതൽ കർഷകരേയും സംരംഭകരെയും സ്വയംസഹകരണ സംഘങ്ങളെയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ക്ഷീരമേഖലയിലേക്ക് ആകർഷിക്കുക, ഈ മേഖലയിൽ നിലവിലുള്ള കർഷകർക്ക് ലാഭകരമായ ക്ഷീരോൽപ്പാദനത്തിന് പ്രചോദനം നൽകുക, ഉൽപ്പാദനക്ഷമത കൂടിയ കറവപ്പശുക്കളുടെഎണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക, ഗ്രാമനിലവാരമുള്ള പാൽ സഹകരണ മേഖലയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘങ്ങളുടെ ശാക്തീകരണം, ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ സംഘടിപ്പിക്കൽ കൂടാതെ സംസ്ഥാനത്തിനകത്തുതന്നെ ഉൽപ്പാദനക്ഷമത കൂടിയ കറവപ്പശുക്കളെ

LIBRARY ARCHIVES Kerala Legislative Assembly

വളർത്തിയെടുക്കുന്നതിന് കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക എന്നിവയിലൂടെ ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽ നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേക്ക് മാറി പാലുൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ക്ഷീരമേഖല സ്വയംപര്യാപ്തമാക്കുക എന്നതാണ് വിവിധ പദ്ധതികളിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

മിൽമയുടെ മേഖലാ യൂണിയനുകൾ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ, അവരുടെ ആവശ്യകതയിലേക്ക് അധികം വരുന്ന അളവിന് സ്ഥിരമായ വിപണി കണ്ടെത്തുകയും ന്യായവില ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് മിൽമയുടെ ലക്ഷ്യം. പാലിന്റെ ഉൽപ്പാദനം, ഗുണനിലവാരം, വിപണനം എന്നിവ വർദ്ധിപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക, പാലിന്റെ സംസ്കരണശേഷി വർദ്ധിപ്പിക്കുക, ക്ഷീരോൽപ്പാദക മേഖലകളിൽ കർഷകരെ നിലനിർത്തുകയും സംസ്ഥാനം പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(സി) ക്ഷീരകർഷകർ, കുടുംബശ്രീ, സ്വയംസഹായസംഘങ്ങൾ, വിവിധ ബാങ്കുകൾ ധനകാര്യസ്ഥാപനങ്ങൾ, മൃഗസംരക്ഷണവകുപ്പ്, മിൽമ മേഖലായൂണിയനുകൾ, കെ.എൽ.ഡി. ബോർഡ് തുടങ്ങിയവർ ഇതുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

(ഡി) ഇത് നടപ്പാക്കാൻ, വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് എടുത്തിട്ടുണ്ട്. അധിക തുക ആവശ്യമുള്ള പദ്ധതികൾക്ക് എസ്.ഡി.ജി പ്രൊപ്പോസലുകളും സമർപ്പിച്ചിട്ടുണ്ട്.

## ക്ഷീരകർഷകർക്കുള്ള സബ്സിഡി

**63 (4098)** ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകർക്ക് ഇപ്പോൾ പാലുല്പാദനത്തിനായി നല്കിവരുന്ന സബ്സിഡി തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly